**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3395** **08-10-2025 - ൽ മറുപടിയ്ക്ക്**

**ഹയർ സെക്കണ്ടറി സ്കൂളുകളിലെ അദ്ധ്യാപക തസ്തികകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിലെ പൊതുവിദ്യാഭ്യാസ മേഖലയിൽ നടത്തിയ ഇടപെടലിനെ തുടർന്ന് വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും എണ്ണം, പഠന മികവ് എന്നിവയിൽ എന്തെല്ലാം മാറ്റങ്ങളാണുണ്ടായതെന്ന് വിശദമാക്കുമോ; | (എ) | കേരളത്തിലെ പൊതുവിദ്യാഭ്യാസ മേഖലയിൽ നടത്തിയ ഇടപെടലിനെ തുടർന്ന് വിദ്യാർത്ഥികളുടെ എണ്ണത്തിൽ വർധന ഉണ്ടായിട്ടുണ്ട്. പഠന മികവ് ഉണ്ടായിട്ടുണ്ട്. അധ്യാപകരുടെ എണ്ണം മുൻ വർഷങ്ങളേക്കാൾ കൂടുകയും സംരക്ഷിതാധ്യാപകരുടെ എണ്ണത്തിൽ ഗണ്യമായ കുറവ് ഉണ്ടാകുകയും ചെയ്തിട്ടുണ്ട്. 2024 ഡിസംബറിൽ നടത്തിയ PRS/NAS സർവ്വെയിൽ കേരളം ദേശീയതലത്തിൽ രണ്ടാം സ്ഥാനത്താണ്. |
| (ബി) | സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ 2016 - 17 അക്കാദമിക വർഷം മുതൽ 2025 - 26 അക്കാദമിക വർഷം വരെ ഒന്നു മുതൽ പന്ത്രണ്ട് വരെയുള്ള ക്ലാസുകളിൽ പഠനം നടത്തിയ വിദ്യാർത്ഥികളുടെ എണ്ണം അക്കാദമിക വർഷം തിരിച്ച് എൽ. പി., യു. പി., ഹൈസ്കൂൾ, ഹയർ സെക്കണ്ടറി വിഭാഗം എന്നിങ്ങനെ തരം തിരിച്ച് ലഭ്യമാക്കാമോ; | (ബി) | വിവരം ശേഖരിച്ചു വരുന്നു |
| (സി) | ഹൈസ്കൂൾ, ഹയർ സെക്കണ്ടറി സ്കൂളുകളിൽ പ്രധാന അധ്യാപകർ, പ്രിൻസിപ്പൽ എന്നിവരില്ലാത്ത എത്ര സ്കൂളുകളുണ്ടെന്നുള്ള കണക്ക് തരം തിരിച്ച് ലഭ്യമാക്കുമോ; | (സി) | വിവരം ശേഖരിച്ചു വരുന്നു |
| (ഡി) | ഹയർ സെക്കണ്ടറി പ്രിൻസിപ്പൽ തസ്തികയിലേക്ക് 2:1 എന്ന അനുപാതത്തിൽ ഹൈസ്കൂൾ എച്ച്. എം. / വൈസ് പ്രിൻസിപ്പൽ പ്രമോഷൻ നിയമനം പുന:പരിശോധിക്കുന്നതിന് കേരള ഹൈക്കോടതി, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ എന്നിവിടങ്ങളിൽ നിന്നും ഏതെങ്കിലും തരത്തിലുള്ള നിർദേശങ്ങളോ ഉത്തരവുകളോ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പും അതിൽ സ്വീകരിച്ചിരിക്കുന്ന നടപടികളുടെ വിശദവിവരങ്ങളും ലഭ്യമാക്കാമോ; | (ഡി) | വിവരം ശേഖരിച്ചു വരുന്നു |

| | | | |
|---|---|---|---|
| (ഇ) | ഗവ. ഹയർ സെക്കണ്ടറി സ്കൂളുകളിൽ അനുവദിച്ചിരിക്കുന്ന സ്ഥിരം ബാച്ചുകളിൽ അംഗീകാരം ലഭിക്കാത്ത അദ്ധ്യാപക തസ്തികകൾ ഉണ്ടെങ്കിൽ അത്തരം തസ്തികകൾ എത്രയാണെന്ന് വിഷയം തിരിച്ച് ലഭ്യമാക്കാമോ; | (ഇ) | സംസ്ഥാനത്തെ ഗവ ഹയർ സെക്കന്ററി വിദ്യാലയങ്ങളിൽ അനുവദിച്ചിട്ടുള്ള സ്ഥിരം ബാച്ചുകളിൽ അംഗീകാരം നൽകാത്ത അദ്ധ്യാപക തസ്തികകളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (എഫ്) | സംസ്ഥാനത്തെ ഗവ. ഹയർ സെക്കണ്ടറി സ്കൂളുകളിൽ വിദ്യാർത്ഥികൾ കുറവായതിന്റെയോ ഇല്ലാതായതിന്റെയോ അടിസ്ഥാനത്തിൽ മലബാർ മേഖലയിലേക്ക് ട്രാൻസ്ഫർ ചെയ്ത ഹയർ സെക്കണ്ടറി ബാച്ചുകളുടെ അദ്ധ്യാപക തസ്തികകളും അവിടേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ അത്തരം ബാച്ചുകളിലെ അദ്ധ്യാപക തസ്തികകൾ ഇപ്പോൾ നിലനിൽക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ? | (എഫ്) | വിവരം ശേഖരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

| Subject | No. of post to be Created in existing batch |
|---|---|
| English Jr | 4 |
| English | 4 |
| Physics Jr | 4 |
| Physics | 4 |
| Chemistry Jr | 4 |
| Chemistry | 4 |
| Maths Jr | 4 |
| Maths | 4 |
| Botany Jr | 4 |
| Zoology Jr | 4 |
| Commerce Jr | 2 |
| Commerce | 1 |
| Malayalam Jr | 4 |
| Hindi Jr | 8 |
| Sanskrit Jr | 2 |
| Sanskrit | 1 |
| Economics Jr | 2 |
| Political Science Jr | 1 |
| Political Science | 1 |
| Computer Science Jr | 2 |
| Computer Science | 4 |
| Geography | 1 |
| History | 1 |
| Arabic Jr | 10 |
| Philosphy | 1 |
| Phychology | 1 |
| Journalism | 1 |
| Communicative English | 2 |